നം.എ1/22222/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 11.07.2019
*E.mail - aandbdpi@gmail.com*

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - 2019-20 അദ്ധ്യയന വർഷം അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1) 20.05.1999 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 120/99/പൊ.വി.
2) 02.12.1991 ലെ സർക്കാർ ഉത്തരവ് 36/1991/പിഎ.ആർ.ഡി
3) 16.03.1996 ലെ സർക്കാർ ഉത്തരവ് നമ്പർ 12/96/പിഎ.ആർ.ഡി
4) 28.10.2002 ലെ സർക്കാർ ഉത്തരവ് നമ്പർ 316/2002/പൊ.വി
5) 23.04.2003 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 94/2003/പൊ.വി.
6) 28.10.2002 ലെ സ.ഉ. (അച്ചടിച്ചത്) നം.47/2002/ഉ.ഭ.പ.വ.
7) 27.03.2010 ലെ സർക്കാർ ഉത്തരവ് (പി)നം.11/2010/പിഎ.ആർ.ഡി
8) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/11/2018 തീയതിയിലെ എ1/60000/2018/ഡി.പി.ഐ നമ്പർ സർക്കുലർ.
9) 17.07.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 132/2014/പൊ.വി.വ.
10) 06.07.2012 ലെ സർക്കാർ ഉത്തരവ് (പി)നമ്പർ 217/2012/പൊ.വി.വ
11) 23.08.2012 ലെ സർക്കാർ ഉത്തരവ് (പി)നം.42/2012/ഉ.ഭ.പ.വ
12) സർക്കാർ ഉത്തരവ് (എം.എസ്)നം.11/96/പി.ഭ.എ.ആർ.ഡി തീയതി: 16.03.1996
13) സർക്കാർ കത്ത് നം.37462/ജെ3/14/പൊ.വി.വ തീയതി:05.12.2014
14) 04.02.2016 ലെ സർക്കാർ ഉത്തരവ്(എം.എസ്)നം.36/2016/പൊ.വി.വ.
15) കത്ത് നമ്പർ 39986/ജെ3/15/പൊ.വി.വ തീയതി:14.10.2015.
16) 16/06/2018 ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ എച്ച്(2)/21500/2018/ഡി.പി.ഐ.
17) 25.02.2017 ലെ സർക്കാർ ഉത്തരവ് (പി) നം.3/2017/ഉ.ഭ.പ.വ.
18) സർക്കാർ ഉത്തരവ് (കൈ) നം.92/2017/പൊ.വി.വ. തീയതി 09/08/2017.
19) 23/01/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.6/2018/പൊ.വി.
20) 09/10/2018 തീയതിയിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗ തീരുമാനം
21) സർക്കാർ കത്ത് നം.ജെ3/5/2019/പൊ.വി.വ. തീയതി 16/01/2019

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്ക്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ, ഭാഷാദ്ധ്യാപകർ എന്നിവരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചനയിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ചുവടെ ചേർക്കുന്നു.

അന്തർജില്ലാ സ്ഥലംമാറ്റം വർഷത്തിൽ ഒരു പ്രാവശ്യം മാത്രം നടത്തുന്നതാണ്. 14 റവന്യൂ ജില്ലകളിലും 2019-20 അദ്ധ്യയന വർഷത്തിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുളള നിശ്ചിത ശതമാനം ഒഴിവിലേയ്ക്ക് അർഹരായ അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകുന്നതിന് ഒഴിവുകൾ വിഹിതം ചെയ്യുമ്പോൾ സൂചന 16 പ്രകാരമുളള നിർദ്ദേശം പാലിക്കേണ്ടതാണ്. കോമൺപൂളിൽ ഉൾപ്പെട്ടിട്ടുളള അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം പൂർത്തിയായതിന് ശേഷം മാത്രമേ പഞ്ചായത്ത് സ്ക്കൂളുകളിൽ ബാക്കിയുളള ഒഴിവുകൾ ഓൺലൈൺ പൊതുസ്ഥലംമാറ്റത്തിന് വേണ്ടി മാറ്റിവയ്ക്കേണ്ടതുള്ളു. ഓൺലൈൻ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ ഹെഡ്മാസ്റ്റർ തലത്തിലും വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിലും പരിശോധന നടത്തിയ ശേഷം ഓൺലൈൻ സ്ഥലം മാറ്റത്തിനായി പരിഗണിക്കുന്നതാണ്. അപേക്ഷ സംബന്ധിച്ച വിശദാംശങ്ങൾ www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവാദമുളളൂ. ഒരു പ്രാവശ്യം അപേക്ഷ സമർപ്പിക്കാവുന്നതും ആദ്യത്തെ അപേക്ഷ റദ്ദു ചെയ്യുന്നതിലേയ്ക്കായി ആ അപേക്ഷയുടെ ആപ്ലിക്കേഷൻ ഐ.ഡി. ചൂണ്ടിക്കാട്ടി പ്രധാനാദ്ധ്യാപകൻ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർമാർ complaint link-ൽ ശുപാർശ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയ്ക്കു ശേഷം അപേക്ഷ വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ KITE സ്വീകരിക്കുന്നതുമാണ്. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറും ഉപയോഗിക്കാവുന്നതാണ്. അപേക്ഷയുടെ ആദ്യഭാഗത്ത് അപേക്ഷകന്റെ വ്യക്തിഗത വിവരങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടത്. വ്യക്തിഗത പാസ്‌വേഡ് (അപേക്ഷകന് ഇഷ്ടമുള്ളത് നൽകാം) രഹസ്യ സ്വഭാവമുള്ളതായിരിക്കണം. ഈ പാസ്‌വേഡ് ഉപയോഗിച്ചാണ് പിന്നീട് അപേക്ഷയുടെ വിശദാംശങ്ങൾ പരിശോധിക്കേണ്ടത്. അപേക്ഷ പൂരിപ്പിച്ച സമയത്ത് ലഭിച്ച Application ID-യും അപേക്ഷകൻ നൽകിയ പാസ്‌വേഡും ഭദ്രമായി സൂക്ഷിച്ച് വയ്ക്കേണ്ടതാണ്. വീണ്ടും പ്രിന്റ്ഔട്ട് എടുക്കുന്നതിനും തുടർന്ന് വരുന്ന ട്രാൻസ്ഫറിന്റെ വിവരങ്ങൾ അറിയുന്നതിനും Application ID യും പാസ്‌വേഡും അത്യന്താപേക്ഷിതമാണ്. **23/07/2019** മുതൽ **30/07/2019** വൈകുന്നേരം 5 മണി വരെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത അപേക്ഷ പ്രധാന

അദ്ധ്യാപകനും അതാത് വിദ്യാഭ്യാസ ഉപഡയറക്ടറും വെരിഫൈ ചെയ്തു എന്ന് അപേക്ഷകനും ഉറപ്പുവരുത്തേണ്ടതാണ്. **ഇതു സംബന്ധിച്ചുള്ള പരാതികൾ പിന്നീട് പരിഗണിക്കാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു.**

ഓൺലൈനിലൂടെ അല്ലാതെയുള്ള അപേക്ഷ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല നിയമനം ലഭിച്ച ജില്ലയിൽ അഞ്ച് (5) വർഷം ഒരേ തസ്തികയിൽ സേവനം പൂർത്തീകരിച്ചവർക്ക് മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുവാൻ അർഹതയുള്ളു. **2019 മാർച്ച് 31** അടിസ്ഥാനമാക്കിയാണ് സർവ്വീസ് ദൈർഘ്യം കണക്കാക്കുന്നത്.

**ഒരു അപേക്ഷകന് ഒരു ജില്ലയിലേയ്ക്ക് മാത്രമേ അപേക്ഷ അയയ്ക്കാൻ അനുവാദമുള്ളു.** അപേക്ഷകന്റെ താൽപര്യമനുസരിച്ച് 10 സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത 10 സ്കൂളുകളിൽ ഏതിലെങ്കിലും സ്ഥലം മാറ്റം നൽകാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ജില്ലയിലെ മറ്റേതെങ്കിലും സ്കൂളിൽ ഒഴിവിന്റെ ലഭ്യത അനുസരിച്ച് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനായി പരിഗണിക്കേണ്ടതുണ്ടോ എന്ന ചോദ്യത്തിന് Yes എന്ന് നൽകിയാൽ അപേക്ഷകർ ആരും ഇല്ലാത്ത ഒഴിവുകൾ ഉള്ള സ്കൂളുകളിൽ അപേക്ഷകനെ സീനിയോറിറ്റി അനുസരിച്ച് പരിഗണിക്കുന്നതാണ്. എന്നാൽ ഈ ചോദ്യത്തിന് No എന്നാണ് നൽകുന്നതെങ്കിൽ അപേക്ഷകൻ തെരഞ്ഞെടുത്ത സ്കൂളിലേയ്ക്കു മാത്രമേ പരിഗണിക്കുകയുള്ളു.

സൂചന (21) സർക്കാർ കത്ത് പ്രകാരം ഇപ്പോൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് അന്തർജില്ല സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഡെപ്യൂട്ടേഷൻ കാലയളവ്, അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി കണക്കാക്കുന്ന സർവ്വീസ് ദൈർഘ്യത്തിൽ ഉൾപ്പെടുത്തുന്നതല്ല. മേൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏത് ജില്ലയിൽ നിന്നാണോ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ പരിഗണിക്കപ്പെട്ടത് ടി ജില്ലയിൽ നിലവിലെ തസ്തികയിൽ 5 വർഷം (ഡപ്യൂട്ടേഷൻ കാലയളവ് ഒഴികെ ) പൂർത്തിയായ അധ്യാപകർക്ക് മാത്രം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഒരിക്കൽ അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ ആ ജില്ലയിൽ അഞ്ചു വർഷത്തെ സേവനം പൂർത്തിയാക്കിയതിന് ശേഷമേ രണ്ടാമത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

അന്തർജില്ലാ സ്ഥലംമാറ്റത്തിന് ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയിലെ സർവ്വീസ്ദൈർഘ്യമാണ് സീനിയോറിറ്റിക്കായ് പരിഗണിക്കുന്നത്. LWA കാലയളവും ഡെപ്യൂട്ടേഷൻ കാലയളവും കുറച്ചതിന് ശേഷമുള്ള കാലയളവാണ് സർവ്വീസ് ദൈർഘ്യമായി കണക്കാക്കുന്നത്.

പെൻഷന് രണ്ട് വർഷം മാത്രം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താൽപര്യപ്രകാരം സ്ഥലംമാറ്റം മുൻഗണനാക്രമത്തിൽ നൽകുന്നതാണ്.

അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുള്ള നിശ്ചിത ശതമാനം ഒഴിവുകൾ താഴെ പറയും വിധം നികത്തുന്നതാണ്.

(a) 60% ജനറൽ സീനിയോറിറ്റി

(b) 20% പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിന്

(c) 20% സഹതാപാർഹ സ്ഥലംമാറ്റത്തിനായി പരിഗണിക്കേണ്ടവർക്ക്

സഹതാപാർഹ സ്ഥലമാറ്റത്തിനായി ഓൺലൈനിൽ അപേക്ഷിക്കേണ്ടതില്ല. ഇതിലേയ്ക്കായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമ്പോൾ അപേക്ഷ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഉചിതമാർഗ്ഗേന അയയ്ക്കേണ്ടതാണ്. ടി അപേക്ഷകളിൽ നിന്ന് മുൻഗണനാ പട്ടിക തയ്യാറാക്കി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അയച്ചുകൊടുക്കുന്നതാണ്. ഇതിലേയ്ക്കായി നിശ്ചയിച്ചിട്ടുള്ള നിശ്ചിതശതമാനം ഒഴിവുകൾ മാറ്റിവെയ്ക്കണമെന്നതും നിലവിലുള്ള ലിസ്റ്റിൽ നിന്നുമാത്രം നിയമനം നടത്തുവാനും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിയ്ക്കുന്ന വിഭാഗങ്ങളെ പ്രതിപാദിച്ച് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സൂചന 17 സർക്കാർ ഉത്തരവ് പ്രകാരം 2017-18 വർഷം മുതൽ പ്രത്യേക മുൻഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ എണ്ണം 20 ആക്കി നിശ്ചയിച്ചിട്ടുണ്ട്. മുൻഗണനാ പ്രകാരമുള്ള സ്ഥലംമാറ്റം അതാത്

കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20% ത്തിൽ അധികരിക്കാൻ പാടില്ല. അത്തരം വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വളരെ കൂടുതൽ അപേക്ഷകർ ഒരേ സ്ഥലത്തേക്ക് മാറ്റം ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ താഴെ കൊടുത്തിട്ടുള്ള ക്രമപ്രകാരം പരിഗണിക്കുന്നതാണ്. ഓരോ തസ്തികയിലും ഏതു വിഭാഗത്തിൽപ്പെട്ടവരെയാണ് മുൻ ലിസ്റ്റുകളിൽ അവസാനമായി പരിഗണിച്ചത് ആയതിന്റെ തുടർച്ചയായിട്ടായിരിക്കും ഈ വർഷം പരിഗണിക്കേണ്ടതും പ്രയോറിട്ടിയിൽ റൊട്ടേഷൻ വ്യവസ്ഥ കൃത്യമായും പാലിക്കേണ്ടതാണ്. 2017-18 വർഷം മുതൽ സൂക്ഷിച്ചിട്ടുളള പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയ പുതിയ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാണെന്ന് നിയമനാധികാരി ഉറപ്പ് വരുത്തേണ്ടതുമാണ്.

1. പട്ടികജാതി/പട്ടികവർഗ്ഗ ത്തിൽപ്പെട്ട ജീവനക്കാർ.
2. അന്ധരായ ഉദ്യോഗസ്ഥർ.
3. വികലാംഗരായ ജീവനക്കാർ.
4. മൂകരും ബധിരരുമായ ജീവനക്കാർ
5. സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലന വൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായ പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് വിധേയമായവർ, പേശീ സംബന്ധമായ അസുഖമുള്ളവർ (Locomotor disability including cerebral palsy, cured leprosy, dwarfism, acid attack victim, muscular dystrophy).
6. മാനസിക പ്രശ്നമുള്ളവർ (mental disability).
7. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ/ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർ.
8. ഓട്ടിസം/സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ.
9. 50% നു മുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ.
10. ബധിരരും മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ.
11. യുദ്ധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ).
12. സ്വാതന്ത്ര്യ സമര സേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ.
13. വിധവകൾ/വിഭാര്യർ/പുനർ വിവാഹം ചെയ്യാത്ത വിവാഹമോചിതർ.
14. മിശ്രവിവാഹിതർ.
15. നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ.

16. അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ് അല്ലെങ്കിൽ ജനറൽ സെക്രട്ടറി/ജില്ലാ പ്രസിഡന്റ് അല്ലെങ്കിൽ ജില്ലാ സെക്രട്ടറി.
17. സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ.
18. ജവാന്റെ ബന്ധു (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ)
19. അർദ്ധ സൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/ മകൾ.
20. പ്രവാസി കേരളീയരുടെ ഭർത്താവ്/ഭാര്യ.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാർ ഈ പരിഗണന നൽകുന്നതിനാവശ്യമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധന നടത്തുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതും പ്രയോറിറ്റി അനുവദിച്ചു കിട്ടി എന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതുമാണ്.

സൂചന (4), സൂചന (14), സൂചന (18) ലെ സർക്കാർ ഉത്തരവുകളിൽ പരാമർശിക്കുന്ന ട്രൈബൽ, മലയോര, എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലം മാറ്റത്തിന് സീനിയോറിറ്റി കണക്കാക്കുന്നത് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിച്ചായിരിക്കും. മേൽപ്പറഞ്ഞ സ്കൂളുകളിൽ 5 വർഷം പൂർത്തിയാക്കിയവർക്ക് ഓരോ വർഷത്തേയും സർവ്വീസ് ഒന്നര വർഷത്തെ സർവ്വീസായി പരിഗണിക്കുന്നതാണ്. അങ്ങനെ കണക്കാക്കുമ്പോൾ തുല്യത വരുന്ന പക്ഷം സർവ്വീസ് കൂടുതലുള്ള ആൾക്ക് മുൻഗണന നൽകുന്നതാണ്. എന്നാൽ ജില്ലയിൽ 5 വർഷം പൂർത്തിയായവർക്ക് മാത്രമേ പ്രസ്തുത ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

23.04.2003 ലെ ജി.ഒ(എം.എസ്)94/2003/പൊ.വി.വ ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള ദുർഘടം പിടിച്ച/ചെന്നെത്താൻ പ്രയാസമുള്ള/ വനപ്രദേശങ്ങൾ, സർക്കാർ ഉത്തരവ് (പി) നമ്പർ 47/2002/ഉ.ഭ.പ.വ പ്രകാരം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിൽ ജോലി ചെയ്യാൻ സന്നദ്ധതയുള്ള 5 വർഷത്തിൽ കുറവ് സേവന ദൈർഘ്യമുള്ള അദ്ധ്യാപകർക്ക് പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സ്ഥലം മാറ്റത്തിനപേക്ഷിക്കാവുന്നതാണ്.

സ.ഉ(പി)12/96/ഉ.ഭ.പ.വ തീയതി:16.03.1996 പ്രകാരം ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർക്ക് ജോലി ചെയ്യുന്ന ജില്ലയിൽ അഞ്ച് വർഷത്തെ സേവന ദൈർഘ്യം ആവശ്യമില്ല.

സ.ഉ(പി)36/91/ഉ.ഭ.പ.വ തീയതി:02.12.1991 അനുസരിച്ചും സർവ്വീസിലുള്ളതോ, സർവ്വീസിലിരിക്കെ ഡ്യൂട്ടി സമയത്ത് മരണമടഞ്ഞതോ ആയ ജവാന്റെ അടുത്ത ബന്ധുകൾക്കും ആശ്രിതർക്കും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി 5 വർഷത്തെ സേവന ദൈർഘ്യത്തിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിനായി ക്ലെയിം ചെയ്യുന്ന അപേക്ഷകർ ആയത് തെളിയിക്കുന്ന രേഖകൾ വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ സമയബന്ധിതമായി ഹാജരാക്കിയതിന് ശേഷം മാത്രമേ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ പ്രയോരിറ്റി ശുപാർശ ചെയ്യേണ്ടതുള്ളു.

അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് തലേ ദിവസം വരെ സ്ഥലംമാറ്റ അപേക്ഷകൾ റദ്ദു ചെയ്യുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണ്. അപേക്ഷകൾ റദ്ദുചെയ്യുന്നതിനുള്ള നടപടിക്രമം ഈ സർക്കുലറിന്റെ ആദ്യ ഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട്. അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നടത്തുന്ന സ്ഥലംമാറ്റം ഒരു സാഹചര്യത്തിലും റദ്ദ് ചെയ്ത് നൽകുന്നതല്ല.

അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഈ ഉത്തരവ് വെബ്സൈറ്റിൽ നൽകുകയും അദ്ധ്യാപകർക്ക് ഇവ ഡൗൺലോഡ് ചെയ്ത് റിലീവ് ചെയ്യുന്നതിനായി ഉപയോഗിക്കാവുന്നതാണ്. എന്നിരുന്നാലും വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് ബന്ധപ്പെട്ട അദ്ധ്യാപകർക്കും പ്രധാനാദ്ധ്യാപകർക്കും രജിസ്റ്റേർഡ് തപാൽ മുഖേന നിർബന്ധമായും അയയ്ക്കേണ്ടതും സ്ഥലംമാറ്റം അനുവദിച്ച അദ്ധ്യാപകരെ ഉത്തരവ് തീയതി മുതൽ 14 ദിവസത്തിനകം വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം നടപടി ഉത്തരവിൽ സൂചിപ്പിക്കേണ്ടതും പ്രധാനാദ്ധ്യാപകൻ ഇപ്രകാരം ചെയ്തിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച് പുതിയ ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന അദ്ധ്യാപകർ ആ ജില്ലയിലെ ജൂനിയർമോസ്റ്റ് അദ്ധ്യാപകന്റെ ജൂനിയർ ആയിരിക്കും എന്ന വ്യവസ്ഥ നിലനിർത്തി അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന എല്ലാ വിഭാഗത്തിലെയും അധ്യാപകരെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആഗസ്റ്റ് 31 ന് മുമ്പ് റിലീവ് ചെയ്യാൻ ശ്രദ്ധി ക്കേണ്ടതാണ്.

സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ സ.ഉ(പി)നമ്പർ 42/2012/ഉ.ഭ.പ.വ തീയതി:23.08.2012 അനുസരിച്ച് പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷൻ ആരംഭിച്ച് പൂർത്തിയാക്കേണ്ടതാണ്.

**അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെയുള്ള എല്ലാ നടപടി ക്രമങ്ങളും ഓൺലൈൻമുഖേനയാണ് നടക്കുന്നത്. അതിനാൽ അപേക്ഷകർ നിരന്തരം നടപടി ക്രമങ്ങൾ നിരീക്ഷിക്കേണ്ടതും പരാതികൾ/തർക്കങ്ങൾ എന്നിവയുണ്ടെങ്കിൽ ഇതിനായി അനുവദിച്ചിരിക്കുന്ന സമയത്ത് പരാതി രേഖാമൂലം ഉചിത മാർഗ്ഗേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതുമാണ്. അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ഒരു പരാതിയും പരിഗണിക്കുന്നതല്ല.**

ഓൺലൈൻ അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പൊതുവായുള്ള സംശയ നിവാരണത്തിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലും, സാങ്കേതിക കാരണങ്ങൾ പരിഹരിക്കുന്നതിനായി KITE-ന്റെ ഓഫീസുമായി ബന്ധപ്പെടേ ണ്ടതാണ് (0471-2529800) മറ്റ് പൊതുവായ കാര്യങ്ങൾക്ക്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ (0471-2580513) ബന്ധപ്പെടേണ്ടതാണ്. 14 വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെയും ഫോൺ നമ്പർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

അപേക്ഷയുടെ സൂക്ഷ്മ പരിശോധന മുതൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയുള്ള എല്ലാ നടപടിക്രമങ്ങളുടെയും സമയക്രമം നിശ്ചയിച്ച് ചുവടെ ചേർക്കുന്നു.

1. ഓരോ ജില്ലകളിലെയും ഓരോ തസ്തികകളിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് നിശ്ചിത മാതൃകയിൽ 19/07/2019 മുതൽ 20/07/2019 വരെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

2. അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധി **23/07/2019** മുതൽ **30/07/2019** വരെ.

3. സ്കൂൾതലത്തിലും വിദ്യാഭ്യാസ ഉപജില്ലാതലത്തിലും അപേക്ഷകൾ പരിശോധിക്കുന്നതിന് അനുവദിച്ച സമയം **01/08/2019** മുതൽ **03/08/2019** വരെ.

4. വിദ്യാഭ്യാസ ഉപഡയറക്ടർതലത്തിൽ അപേക്ഷ പരിശോധിക്കുന്നതിനും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകരോ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ രേഖാമൂലം ആവശ്യപ്പെടുന്ന തിരുത്തലുകൾ അനുവദിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള സമയപരിധി **05/08/2019** മുതൽ **07/08/ 2019** വരെ.

5. ജില്ലയിൽ ഓരോ തസ്തികയിലേക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി) അടങ്ങിയ സംക്ഷിപ്ത രൂപം (താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്) പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി **09/08/ 2019.**

6. സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയപരിധി **12/08/2019** മുതൽ **13/08/2019** വരെ.

7. ആക്ഷേപങ്ങൾ പൂർണ്ണമായി പരിഹരിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി: **16/08/ 2019**

**8.** ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അവസാന തീയതി **17/08/2019.**

9. താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുവാൻ അനുവദിച്ചിരിക്കുന്ന സമയപരിധി **19/08/2019** മുതൽ **20/08/ 2019** വരെ.

**10.** ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള തീയതി, **22/08/2019**

സമയക്രമം കർശനമായി പാലിക്കുന്നതിന് ഓരോ തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ജീവൻബാബു.കെ ഐ.എ.എസ്.**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എക്സിക്യൂട്ടീവ് ഡയറക്ടർ,
   KITE, പൂജപ്പുര, തിരുവനന്തപുരം.
3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാക്കും } ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന
4) എല്ലാ പ്രധാനാദ്ധ്യാപകർക്കും.
5) എ3/എ5/എ6 സെക്ഷൻ,
   പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
6) കരുതൽ ഫയൽ.